മി. സ്പീക്കർ: ഈ റസല്യൂഷൻ ആവശ്യമായ രീതിയിൽ ഭേഗതിവരുത്തി അവതരിപ്പിക്കണം.

Shri U. P. Kunikullayya: Sir, I may draw the resolution like this:

"This House resolves to take such action as the Speaker may think necessary considering the legal aspects."

Mr. Speaker: We will take it up some time later say tomarrow. The Hon. Revenue Minister will draft the resolution.

LEGISLATIVE BUSINESS *Contd*:

THE KERALA EDUCATION AMENDMEMT AND VALIDATION BILL 1969

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഇന്നലെ ബഹുമാനപ്പെട്ട പാർട്ടി നേതാക്കന്മാരും സാമാജികന്മാരും മറ്റും സംസാരിച്ചപ്പോൾ ഭൂപരിഷ്കരണ ഭേഗതി ബില്ലിൽ പ്രിഫറൻസ് കൊടുത്തു പാസ്സാക്കേണ്ടതാണെന്നു പറയുകയുണ്ടായി. ഇവിടെ അജന്തയിൽ അവസാനത്തെ ഐറ്റമായിട്ടാണ് കാണുന്നതു്. അതിനു ആവശ്യമായ മാറ്റം വരുത്തി ഭൂപരിക്ഷരണ ഭേഗതിബിൽ ആദ്യം എടുക്കുന്നതല്ലേ നല്ലതു്?

മി. സ്പീക്കർ: ഇതു ഇവിടെ ചർച്ച ചെയ്യേണ്ട കാര്യമല്ല. ബിസ്സിനസ് അഡ്വൈസറി കമ്മറ്റിക്കൂടി ഇതു തീരുമാനിക്കുകയാണു് പതിവു്. ബിസ്സിനസ് അഡ്വൈസറി കമ്മറ്റി ഏതായാലും പത്തു മണിക്കു വിളിച്ചുകൂട്ടുന്നുണ്ടു്.

Education Minister (**C. H. Mohammed koya**): I move that the Bill as reported by the select Committee may be taken into consederation.

Revenue Minister (**Smt. K. R. Gouri**) I second it.

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ: സർ, സെലക്റ്റ് കമ്മറ്റി റിപ്പോർട്ട് ചെയ്ത ഈ ബിൽ രണ്ടു മിനിട്ടു മുമ്പു മാത്രമാണു് ഞങ്ങൾക്കു കിട്ടിയിട്ടുള്ളതു്.

Section 77 of the Rules of Procedure says: **Procedure after presentation** of report.—(1) After the presentation of the final report of a Select Committee on a Bill the member-in-charge may move-

(a) that the Bill as reported by the Select Committee be taken into consideration:

Provided that any member may object to its being so taken into consideration if a copy of the report has not been made available for the use of members for three clear days and such objection shall prevail, unless the Speaker, in his discretion allows the report to be taken into considera ion."

ഒരു മിനിട്ടുകൊണ്ടു വായിച്ചുനോക്കാൻപോലും ഉള്ള സമയം കിട്ടിയിട്ടില്ല. ഒന്നു വായിച്ചുപോലും നോക്കാതെ എങ്ങനെ ഡിസ്കഷനിൽ പങ്കെടുക്കും?

മി. സ്പീക്കർ: മെമ്പറന്മാർ ഒബ്ജക്റ്റു ചെയ്താൽ തീർച്ചയായിട്ടും ഇതു് എടുക്കുവാൻ പറയുവാൻ എനിക്കു യാതൊരു അധികാരവുമില്ല. മാറ്റി വയ്ക്കുവാനേ നിവൃത്തിയുള്ളൂ. ഇന്നലെ മാത്രമാണു് പ്രിന്റു ചെയ്തു കിട്ടിയതു്. ഇന്നലെ പ്രിന്റു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യ കിട്ടിയാൽ ഇന്നുമാത്രമേ പ്രസന്റു ചെയ്യാൻ സാധിക്കുകയുള്ളു. പൊതുധാരണയുടെ അടിസ്ഥാനത്തിൽ ഇന്നു് ഡിസ്കഷൻ നടത്താമെന്നു നേരത്തെ പറഞ്ഞതുകൊണ്ടു ഇന്നു എടുത്തതാണു്. ബഹുമാനപ്പെട്ട മെമ്പറന്മാർ ഒബ്ജക്റ്റു ചെയ്യുകയാണെങ്കിൽ എനിക്കു ഒന്നും പറയാനില്ല.

ശ്രീ. ജെ. കമാലിയാസു് മൊറായിസു്: സർ, ഈ ബിൽ വളരെ പ്രധാനമായിട്ടുള്ള ഒരു ബില്ലാണു്. പ്രൈവറ്റു ടീച്ചേഴ്സിനെ സംബന്ധിക്കുന്നതും മാനേജ്മെൻറിന്റെ അവകാശത്തിനു ഭേദഗതി വരുത്തുന്നതുമായ ഒരു സുപ്രധാന ബില്ലാണു്. ബഹുമാനപ്പെട്ട മെമ്പർ മാണി പറഞ്ഞതുപോലെ അഞ്ചുമിനിട്ടു മുമ്പു മാത്രമേ ഇതു ലഭിച്ചിട്ടുള്ള. അതു വായിച്ചുനോക്കി ഭേദഗതി കൊടുക്കുവാനോ ജനറൽ ഡിക്ഷനിൽ പങ്കെടുക്കുവാനോ ഇപ്പോൾ സമയമില്ല. അതുകൊണ്ടു ഈ ബിൽ നാളത്തേയ്ക്കു മാററി വയ്ക്കണമെന്നു ബഹുമാനപ്പെട്ട സ്പീക്കറോടു് അഭ്യർത്ഥിക്കുകയാണു്.

ശ്രീ സി. എച്ചു്. മുഹമ്മദുകോയ: സർ, ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിച്ചിട്ടുള്ള സാങ്കേതിക തടസ്സം ശരിയാണു്. അതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതാണു്. പക്ഷേ ഏതാനും ഖണ്ഡികകളും മാത്രം ഉള്ള ഒരു ബില്ലാണിതു്. ഈ ബില്ലിനെ സംബന്ധിച്ചു് ചർച്ച സഭ ഇതിനുമുമ്പു നടത്തിയിട്ടുള്ളതാണു്.

എല്ലാ വിഭാഗം ആളുകളുടേയും അഭിപ്രായങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടു സെലക്റ്റു കമ്മിററി ഐകകണ്ഠ്യേന റിപ്പോർട്ടു സമർപ്പിച്ചിരിക്കുകയാണു്. എന്നുമാത്രമല്ല, പ്രൈവറ്റു കോളേജു അദ്ധ്യാപകരുടെയും മാനേജുമെൻറിന്റേയും കാര്യത്തിൽ അഭിപ്രായ വ്യത്യാസമുള്ള സംഗതിയാണെങ്കിലും നിലവിലുള്ള രൂപ പ്രകാരം അഞ്ചെട്ടുകൊല്ലമായിട്ടു പ്രവർത്തിച്ചു വരുകയുണു്. ആക്ററിൽ കൊടുത്തിട്ടുള്ള അധികാരത്തെക്കാൾ കൂടുതൽ അധികാരം റൂളിൽ കൊടുത്തിട്ടുള്ളതുകൊണ്ടു ആ സാങ്കേതിക തടസ്സം പറഞ്ഞു ഹൈക്കോടതി പല കേസുകളും തള്ളികളഞ്ഞിരിക്കുകയാണു്. അതുകൊണ്ടു കൂടുതൽ അധികാരം ബില്ലിനു കൊടുക്കുവാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ബില്ലാണു്. ഇതിൽ വരുത്തിയിട്ടുള്ള മാററമൊന്നും വരുത്തുവാനില്ല. സെലക്ററു കമ്മിററിയിലെ എല്ലാ മെമ്പറന്മാരുടെ താൽപ്പര്യങ്ങളും മാനിച്ചുകൊണ്ടു എല്ലാവർക്കും സ്വീകാര്യമായ വിധത്തിൽ റിപ്പോർട്ടു സമർപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. ഒരു ഓർഡിനൻസു് നിയമമാക്കുവാനുള്ള ബില്ലാണെന്നുള്ള വസ്തുത പരിഗണിച്ചുകൊണ്ടു, ഇതു ഇപ്പോൾ പാസ്സാക്കിത്തരണമെന്നാണു് ബഹുമാനപ്പെട്ട മെമ്പറന്മാരോടു എനിക്കപേക്ഷിക്കുവാനുള്ളതു്. പാർട്ടി നേതാക്കന്മാർ ഈ ബിൽ പാസ്സാക്കിത്തരുന്നതിനുള്ള ഔദാര്യം കാണിച്ചിട്ടുണ്ടു്. ഇപ്പോൾ ഈ സാങ്കേതിക തടസ്സം ഉന്നയിച്ചിട്ടുള്ള മെമ്പറന്മാരും ഈ ഔദാര്യം കാണിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. കെ. കരുണാകരൻ: ഈ ബിൽ നമ്മുടെ എല്ലാ ബുദ്ധിമുട്ടുകളും തരണം ചെയ്തു ഇന്നുതന്നെ പാസ്സാക്കിയെടുക്കണമെന്നുള്ള ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ ആഗ്രഹത്തോടു പൂർണ്ണമായി സഹകരിക്കുവാൻ തയ്യാറാണു്. ഇന്നു ഇതു ചർച്ച കഴിക്കാമെന്നു പറഞ്ഞ അവസരത്തിൽ ഇന്നലെ വൈകുന്നേരമെങ്കിലും ഇതു കിട്ടുമെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. ഈ സഭ നടക്കുമ്പോൾ മെമ്പറന്മാർ ഇരുന്നു സഭയിലെ പ്രൊസീഡിംഗ്സ് അറൻറു ചെയ്യണമെന്നാണു് വച്ചിട്ടുള്ളതു്. അങ്ങനെ അറൻറു ചെയ്യുമ്പോൾ ഇപ്പോൾമാത്രം കിട്ടിയ ഈ ബിൽ വായിച്ചുനോക്കി ജനറൽ ഡിസ്കഷനു തയ്യാറാകുവാൻ സാധിക്കുകയില്ല. അതൊന്നു വായിച്ചുനോക്കിയിട്ടു സപ്പോർട്ടു ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കിത്തരണമെന്നപേക്ഷിക്കുകയാണു്. സെലക്ററു കമ്മിററി ഐകകണ്ഠ്യേന പാസ്സാക്കിയ നിയമമാണു്, തടസ്സമൊന്നുമില്ലെങ്കിൽ തന്നെയും ഭേദഗതി ആവശ്യമല്ലേ എന്നെല്ലാം നോക്കാനുണ്ടു്. അതുകൊണ്ടു ഇതു നാളെ എടുത്താൽ മതിയെന്നാണു് എൻറെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഈ സഭയിൽ പ്രസന്റ് ചെയ്യാതെ വിതരണം ചെയ്യാൻ സാധിക്കുകയില്ല.

Shri K. M. Mani: It is very clear that we should get sufficient time to go through the Bill and make up our minds regarding the amendment to be moved.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഇന്നു ഇതു പാസ്സാക്കാത്തതുകൊണ്ടു വലിയ അപകടം വല്ലതും ഉണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ശ്രീ. കരുണാകരൻ പറഞ്ഞതു മനസ്സിലാക്കിക്കൊണ്ടു ഇതു നാളെ എടുത്താൽ മതിയെന്നുള്ള അഭിപ്രായത്തോടു യോജിക്കുകയാണു്. ഇന്നുതന്നെ ഇതു പാസ്സാക്കിയില്ലെങ്കിൽ വലിയ അപകടമൊന്നും വരികയില്ല എന്നുപറഞ്ഞല്ലോ. പാസ്സായാലും അപകടമൊന്നും വരാനില്ല.

ശ്രീ. കെ. എം. മാണി: നാളെ പാസ്സാക്കാമെന്നു മന്ത്രി സമ്മതിച്ചതുകൊണ്ടു എന്റെ മറ്റു വാദഗതികളെല്ലാം പിൻവലിച്ചിട്ടു മന്ത്രിയുടെ അഭിപ്രായത്തോടു യോജിക്കുകയാണു്.

Mr. Speaker: We will take this up tomorrow.

The kerala Industrial Employees, Payment of Gratuity Bill, 1969

Labour Minister (**Shri Mathai Manjooran**): Sir, I introduce the Kerala Industrial Employees Payment of Gratuity Bill, 1969.

Mr Speaker: The Bill stands introduced.

Shri Mathai Manjooran: I move that the Bill may be referred to a Select Committee.

Revenue Minister (**Smt K. R. Gouri**): I second it.

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): സർ, "വ്യവസായ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ ജോലി അവസാനിപ്പിക്കുന്ന കാലത്തു യാതൊരു സംരക്ഷണവുമില്ലാതെ പിരിഞ്ഞു പോകാറാണു" പതിവു്. എന്നാൽ കഴിഞ്ഞ കുറെ കൊല്ലങ്ങളായി വ്യവസായ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്കു പ്രായം എത്തി പിരിഞ്ഞു പോകുകയാണെങ്കിൽ അവർക്കു ജീവിക്കുവാനുള്ള സൗകര്യങ്ങളുമൊന്നുമില്ലാത്തവരെപോലെ ആവശ്യമാണെന്നുള്ള അഭിപ്രായം ലോകത്തിൽ എവിടേയും ഉണ്ടായിട്ടുണ്ടു്. അതിന്റെ പേരിൽ നമ്മുടെ രാജ്യത്തുള്ള വ്യവസായതൊഴിലാളികൾക്കും പിരിഞ്ഞുപോകുന്ന കാലത്തേയ്ക്കു കൊടുക്കേണ്ട ചില പ്രത്യേക ആനുകൂല്യങ്ങളെപ്പറ്റി പരിഗണിക്കുകയും പല കമ്പനികളിലും ഫാക്ടറികളിലും പിരിഞ്ഞു പോകുന്ന കാലത്തു ഗ്രാറ്റുവിറ്റി കൊടുക്കുന്നതിനുള്ള ചില ക്രമങ്ങൾ രൂപവൽക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ പൊതുവായ അടിസ്ഥാനത്തിൽ അങ്ങനെ ചെയ്യുന്നതിനു ഇൻഡ്യാഗവണ്മെന്റു മുതിരുകയുണ്ടായില്ല. അതിന്റെ ഫലമായിട്ടു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കഴിഞ്ഞ കുറെ കാലമായി വ്യവസായതൊഴിലാളികൾക്കു ഗ്രാറ്റുവിറ്റി നിബന്ധനയുണ്ടാക്കണമെന്നുള്ള മുറവിളി വളരെ ശക്തിമത്തായി വളർന്നിട്ടുണ്ടു്. കഴിഞ്ഞ കുറെ കാലമായി കേരളത്തിലും വളരെ ശക്തിമത്തായി അതു വളർന്നുകൊണ്ടിരിക്കുകയാണു്. അതിന്റെ ഫലമായി ഈ കാര്യങ്ങളെപ്പറ്റി ഇൻഡ്യൻലേബർ കൗൺസിലും ഇൻഡ്യാഗവണ്മെന്റുമായി പല കാൺഫറൻസുകളും കൂടി അതു് പലവട്ടം ആലോചിക്കുകയും ചെയ്തുവെങ്കിലും ഈ സംഗതി പുരോഗമനപരമായി ഒന്നും നടത്താൻ കഴിഞ്ഞിട്ടില്ല. ഈ ഘട്ടത്തിൽ ഒന്നരകൊല്ലത്തിനുമുമ്പു് 'Industrial Employees'

LIBRARY ARCHIVES Kerala Legislative Assembly